ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അതിനെക്കുറിച്ചു മുഴുവനും എനിക്കറിഞ്ഞുകൂടാ. പക്ഷേ അനുമതി കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം അടിയന്തിരമായി തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. വിജയദാസ്: ഈ നാഷണൽ ഹൈവേയ്ക്ക് കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നതുപോലെതന്നെ അന്തർ സംസ്ഥാന റോഡുകൾക്ക് കേന്ദ്രത്തിൽനിന്നും സഹായം ലഭിക്കുന്നതിന് ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ടോ? അങ്ങനെ സഹായം കിട്ടിയിട്ടുണ്ടോ? തിരുവനന്തപുരം—ചെങ്കോട്ട റോഡിനു് ആ സഹായം കൊണ്ടു് പ്രയോജനമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: അങ്ങനെ പ്രത്യേകമായി ചോദ്യം ചോദിച്ചാൽ അതിനെപ്പറ്റി അറിയില്ല.

പുതിയ ട്രെയിനിംഗ് കോളേജുകൾ

* 494 [526] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗവൺമെൻറ് കോളേജുകൾ ഒന്നുംതന്നെ ഇല്ലാത്ത ജില്ലകൾക്ക് ട്രെയിനിംഗ് കോളേജ് നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എ. ജേക്കബ്):

(എ) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ദിനകരൻ: സർ, നമ്മുടെ സംസ്ഥാനത്ത് ട്രെയിനിംഗ് കോളേജുകളുടെ അപര്യാപ്തതമൂലം ഭീമമായ തുക കാപ്പിറേഷൻ ഫീസ്സായി കൊടുത്തുകൊണ്ട് കർണ്ണാടക പോലുള്ള മറ്റു സംസ്ഥാനങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ പ്രവേശനത്തിനു വേണ്ടി പോകുന്നുവെന്നുള്ള ദുഃഖസ്ഥിതി കണക്കിലെടുത്ത് അടിയന്തിരമായി ട്രെയിനിംഗ് കോളേജുകൾ കേരളത്തിൽ ആരംഭിക്കുമോ?

ശ്രീ. ടി. എ. ജേക്കബ്: സർ, ഈ വർഷം ട്രെയിനിംഗ് കോളേജുകൾ അനുവദിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ യൂണിവേഴ്സിറ്റികൾ ആയച്ചുതന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് തീരുമാനമെടുത്തിട്ടില്ല.

ശ്രീ. വി. ദിനകരൻ: യൂണിവേഴ്സിറ്റി ചിലപ്പോൾ തീരുമാനിക്കും ട്രെയിനിംഗ് കോളേജ് വേണമെന്ന്. അപ്പോൾ ഗവൺമെൻറ് തീരുമാനിക്കും, കൊടുക്കണ്ടായെന്ന്. ഗവൺമെൻറ് ട്രെയിനിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് കൊടുക്കണമെന്ന് ആവശ്യപ്പെടുമ്പോൾ യൂണിവേഴ്സിറ്റി പറയും കൊടുക്കണ്ടെന്ന്. ഈ ഒരു വിരോധാഭാസത്തിനു വിരാമമിടാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയൊരു തർക്കമില്ല. കോളേജുകളെ സംബന്ധിച്ചിടത്തോളം ട്രെയിനിംഗ് കോളേജാണെങ്കിലും ആർട്സ് ആൻഡ് സയൻസ് കോളേജാണെങ്കിലും, യൂണിവേഴ്സിറ്റികൾ അപേക്ഷ പരിഗണിച്ചതിനുശേഷം ഗവൺമെന്റിനെ അറിയിക്കും. ഗവൺമെന്റ് സാമ്പത്തിക സ്ഥിതിയും മാറും കണക്കിലെടുത്തുകൊണ്ട് കോളേജുകൾ അനുവദിക്കാമോയെന്ന് തീരുമാനമറിയിച്ചാൽ അതനുസരിച്ച് അഫിലിയേഷൻ കൊടുക്കുകയാണ് യൂണിവേഴ്സിറ്റികൾ ചെയ്യാറുള്ളത്. അല്ലാതെ യൂണിവേഴ്സിറ്റിയും ഗവൺമെന്റുമായിട്ട് ഇക്കാര്യത്തിൽ തർക്കമില്ല.

ശ്രീ. വി. സി. കബീർ: പുതിയ ട്രെയിനിംഗ് കോളേജ് ആരംഭിക്കുന്നതിന് ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. നേരത്തെ ശ്രീ. ദിനകരൻ മാസ്റ്റർ സൂചിപ്പിച്ചതുപോലെ മറ്റു സംസ്ഥാനങ്ങളിലാണ് നമ്മുടെ പല കുട്ടികളും പോയി വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. അതുകൊണ്ട് പുതിയ കോളേജുകൾ അനുവദിക്കാൻ പ്രയാസമുണ്ടെങ്കിൽ നിലവിലുള്ള കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, എല്ലാ വർഷവും മാർജിനൽ ഇൻക്രീസ് കൊടുക്കാറുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: മലബാറിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട് ഒരു പ്രത്യേകത എന്നുള്ള നിലയിൽ മലബാറിൽ ഒരു പുതിയ ട്രെയിനിംഗ് കോളേജ് അനുവദിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: മലബാറിൽ മാത്രമായി കോളേജുകൾ അനുവദിക്കാൻ കഴിയുകയില്ല. കോളേജുകൾ അനുവദിക്കുകയാണെങ്കിൽ എല്ലാ പ്രദേശങ്ങളും പരിഗണിച്ചുകൊണ്ടാണ് അനുവദിക്കുന്നത്.

ശ്രീ. എ. കെ. പത്മനാഭൻ: നിലവിലുള്ള കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞു. പ്രൈവറ്റ് ട്രെയിനിംഗ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചുകൊടുത്തതായി ആവലാതിയുണ്ട്. ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളാണെങ്കിൽ 4 എണ്ണം മാത്രമാണുള്ളത്. പുതിയതായി സീറ്റുകൾ വർദ്ധിപ്പിക്കുന്ന കൂട്ടത്തിൽ ഗവൺമെന്റ് ട്രെയിനിംഗ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ട്രെയിനിംഗ് കോളേജുകളിലാണെങ്കിലും കോളേജുകളിലാണെങ്കിലും സീറ്റുകൾ വർദ്ധിപ്പിക്കുന്നത് യൂണിവേഴ്സിറ്റികളാണ്. ഈ സന്ദർഭത്തിൽ ഗവൺമെന്റ് കോളേജുകളുടെകൂടി പരിഗണനയിൽ എടുക്കാറുണ്ട്. അങ്ങനെ എടുത്തിട്ടില്ലായെങ്കിൽ ചില പ്രത്യേക നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ കൊടുക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, മലബാറിൽമാത്രം ട്രെയിനിംഗ് കോളേജ് അനുവദിക്കാൻ ഒക്കുകയില്ലായെന്നു വിദ്യാഭ്യാസമന്ത്രി പറഞ്ഞു. കോളേജുകൾ കൊടുക്കുകയാണെങ്കിൽ എല്ലാ പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും കൊടുക്കണമെന്നാണ് പറഞ്ഞത്: അങ്ങനെ കൊടുക്കുന്നതിന് ആക്ഷേപമില്ല. പക്ഷേ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ മലബാർ മേഖലയിൽ ട്രെയിനിംഗ് കോളേജുകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അതു വയനാട്ടിൽ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: മലബാറിൽ പ്രത്യേകമായി അനുവദിക്കാൻ കഴിയുകയില്ലയെന്നാണ് ഞാൻ പറഞ്ഞത്. കോളേജുകൾ അനുവദിക്കുമ്പോൾ മലബാർ മേഖലക്ക് പ്രത്യേക മുൻഗണന കൊടുക്കാറുണ്ട്. അങ്ങനെ മുൻഗണന കൊടുത്തുകൊണ്ടാണ് സ്ഥാപനങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് അതിന്റെ രേഖകൾ പരിശോധിച്ചാൽ കാണാവുന്നതാണ്.

ശ്രീ. എ.വി. താമരാക്ഷൻ: ഇവിടെ ട്രെയിനിംഗ് കോളേജുകളെ സംബന്ധിച്ച് യൂണിവേഴ്സിറ്റി ശുപാർശകൾ നൽകിയിട്ടുണ്ടെന്നും, എന്നാൽ അതിൻമേൽ ഗവൺമെന്റ് അവസാന തീരുമാനം എടുത്തിട്ടില്ലെന്നുമാണ് പ്രഖ്യാപിച്ചത്. ആ ലിസ്റ്റിൽ എത്ര സ്വകാര്യ കോളേജുകളുണ്ട്, എത്ര ഗവൺമെന്റ് കോളേജുകളുണ്ട്. ഗവൺമെന്റ് കോളേജുകൾ ഇല്ലാത്ത ആലപ്പുഴ ജില്ലയിൽ ഗവൺമെന്റ് കോളേജ് എന്നുള്ള നിലയിൽ ഒരു ട്രെയിനിംഗ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, കോളേജുകളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അതു വായിക്കണമെങ്കിൽ സമയമെടുക്കും. ട്രെയിനിംഗ് കോളേജുകൾ ഗവൺമെന്റ് എന്നും പ്രൈവറ്റ് എന്നും ഇനം തിരിച്ചിട്ടില്ല. ഗാന്ധിജി യൂണിവേഴ്സിറ്റിയിൽനിന്നും 25 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽനിന്നും 11 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും 11 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. എല്ലാവർഷവും ഒക്ടോബർ 31-ാം തീയതിക്കുമുൻപ് അപേക്ഷകൾ കൊടുക്കും. അങ്ങനെ കൊടുക്കുന്ന അപേക്ഷകൾ സിൻഡിക്കേറ്റ് അത് സ്ക്രൂട്ടിനൈസ് ചെയ്തതിനു ശേഷം അവർ അപേക്ഷകൾ ഗവൺമെന്റിന്റെ പരിഗണനയ്ക്ക് അയച്ചുതരും.. അങ്ങനെ ഗവൺമെന്റിലേക്ക് കിട്ടിയിരിക്കുന്ന അപേക്ഷകളുടെ എണ്ണമാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. പി.വി. മുഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ മലബാറിന് പ്രത്യേകമായി കൊടുക്കാൻ കഴിയില്ല എന്ന് പറഞ്ഞല്ലോ. മലബാറിന് പ്രത്യേകമായി വേണമെന്നു പറഞ്ഞത് ഒരു ഔദാര്യത്തിനു വേണ്ടിയല്ല. മലബാറിൽ ട്രെയിനിംഗ് കോളേജുകളുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ട് മലബാറിൽ പ്രത്യേകമായി ട്രെയിനിംഗ് കോളേജ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: ഇപ്പോൾ കൊടുത്തിരിക്കുന്നത് അനുസരിച്ച് കോളേജുകളുടെ സ്ഥിതി പരിശോധിച്ചാൽ മലബാർ മേഖലയിൽ കോളേജുകളുണ്ട്. ആകെ 19 ട്രെയിനിംഗ് കോളേജുകളാണ് കേരളത്തിൽ ഇപ്പോഴുള്ളത്. അത് മൊത്തത്തിൽ നോക്കിയാൽ വടക്കുമുതൽ തെക്കുവരെ എല്ലാ പ്രദേശങ്ങളിലും ട്രെയിനിംഗ് കോളേജുകളുണ്ട്. ഇനി അനുവദിക്കുന്ന കൂട്ടത്തിൽ മലബാറിന് പ്രത്യേക പരിഗണന അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഇവിടെ കോളേജുകൾക്കുള്ള അപേക്ഷകൾ മുഴുവൻ വേഴ്സിറ്റിക്ക് കിട്ടിയ നമ്പർ പറഞ്ഞു. അതിൽ എത്ര ഗവൺമെന്റ് കോളേജുകൾക്ക് ഗവൺമെന്റ് അപേക്ഷിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ടി. എം. ജേക്കബ്: അതിനെപ്പറ്റിയുള്ള ലിസ്റ്റ് മുഴുവൻ നോക്കിയാലേ പറയാൻ പറ്റുകയുള്ളു.

ശ്രീ. എ.സി. ഷൺമുഖദാസ്: അദ്ദേഹം പറഞ്ഞു ലിസ്റ്റ് കൈവശമുണ്ടെന്ന്. അതു മുഴുവൻ സപ്ലൈ ചെയ്യുമാണ്. അതുകൊണ്ടാണ് പറയാത്തത്. അതുകൊണ്ട് എത്ര ഗവൺമെന്റ് കോളേജുകൾക്ക് അപേക്ഷ കിട്ടിയിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെന്റ് ഇതിനു അനുവാദം കൊടുത്തിട്ടില്ല. ഞാൻ ലിസ്റ്റു മുഴുവൻ വേണമെങ്കിൽ, വായിക്കാം. അങ്ങ് പറഞ്ഞാൽ വായിക്കാം. എനിക്ക് വായിക്കുന്നതിനു ബുദ്ധിമുട്ടൊന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെ വായിക്കുകയാണെങ്കിൽ നമുക്ക് ഒരുപാടു സമയം നഷ്ടപ്പെടും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഗവൺമെന്റ് അപേക്ഷിച്ചിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് കോളേജുകൾ കൊടുക്കുകയില്ല. അതു മനഃപൂർവ്വം മറച്ചുവയ്ക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: ഇതിനകത്ത് തർക്കത്തിന്റെ ആവശ്യമില്ല. ഞാൻ ലിസ്റ്റു വേണമെങ്കിൽ വായിക്കാം.

ശ്രീ. ബേബി ജോൺ: ഗവൺമെന്റു കോളേജുകൾക്ക് വേണ്ടി എത്ര അപേക്ഷകൾ കൊടുത്തിട്ടുണ്ടെന്നാണ് പറയേണ്ടത്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പ്രത്യേകമായി അതു ലിസ്റ്റിൽ നിന്നും എടുത്തു മാറ്റിവച്ചിട്ടില്ല. അത് നോക്കിയിട്ട് വേണമെങ്കിൽ പറയാം.

ശ്രീ. ജി. വരദൻ: இடுக்கி ஜில்லாவில் வெல்லூரிகள் குறைவு. அதுமட்டுமல்லாமல் டிரேயினிங் காலேஜ் ஒண்டுகூட இல்லை. ஆகையால் பின் தங்கிய தும் மோழிச்சிறுபான்மையினர் அதிகம் வசிக்கக்கூடிய துமாகிய இடுக்கி ஜில்லாவிற்கு சர்க்கார் டிரேயினிங் காலெஜ் அனுவதிக்கப்படுமா?

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ കിട്ടിയിരിക്കുന്ന ലിസ്റ്റ് അനുസരിച്ച് ഇടുക്കി ജില്ലയിൽ നിന്നും അപേക്ഷകൾ ഒന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly